# കേരള സർവകലാശാല

നം. പി.ആർ.015/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സമ്പർക്കക്ലാസ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ രണ്ടാം വർഷ ബിരുദ ക്ലാസുകൾ തിരുവനന്തപുരം, കൊല്ലം കേന്ദ്രങ്ങളിൽ ഫെബ്രുവരി 20 മുതൽ പുനരാരംഭിക്കും. കാര്യവട്ടം കാമ്പസിൽ നടത്തിവന്നിരുന്ന രണ്ടാം ബി.എ (ഇംഗ്ലീഷ്), രണ്ടാം എം.എ (പൊളിറ്റിക്കൽ സയൻസ്) ക്ലാസുകൾ പാളയം എസ്.ഡി.ഇ-യിലേക്ക് മാറ്റി. മറ്റ് ക്ലാസുകൾക്ക് മാറ്റമില്ല.

### എം.എസ്സി ഫിസിക്സ് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് (2013 അഡ്മിഷൻ, 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ www.keralauniversity.ac.in ലഭിക്കും. പൂജ എസ് നായർ (കോഡ് നം. 13108007) ഒന്നാം റാങ്ക് നേടി. സൂക്ഷ്മപരിശോധനയ്ക്ക് 2016 മാർച്ച് മൂന്ന് വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### എം.എഡ് (നോൺ സി.എസ്.എസ്) പരീക്ഷ

കേരള സർവകലാശാല മാർച്ച് 16-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (2014 സ്കീം - നോൺ സി.എസ്.എസ് - സപ്ലിമെന്ററി, 2003 സ്കീം - നോൺ സി.എസ്.എസ് - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 25 (50 രൂപ പിഴയോടെ ഫെബ്രുവരി 27, 250 രൂപ പിഴയോടെ ഫെബ്രുവരി 29) വരെ അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 5000/- രൂപ മേഴ്സി ചാൻസ് ഫീസായി അടയ്ക്കണം.

### എം.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ ആറിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം & പാർട്ട് ടൈം - 2013 സ്കീം - സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം - റഗുലർ - 2013 സ്കീം) പരീക്ഷകൾക്ക് ഫെബ്രുവരി 19 മുതൽ ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 29 (50 രൂപ പിഴയോടെ മാർച്ച് രണ്ട്, 250 രൂപ പിഴയോടെ മാർച്ച് നാല്) വരെ അപേക്ഷിക്കാം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ ഒന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 20 വരെ അപേക്ഷിക്കാം.

(ഒപ്പ്)

**ഡോ. ലാൽ സി.എ.**
പബ്ലിക് റിലേഷൻസ് ഓഫീസർ

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
18.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**